"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പ്- ജീവനക്കാര്യം-മലപ്പുറം ജില്ലയിലെ തിരുവാലി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയ ശ്രീ.ഇസ്മയിൽ എം -ന് ഒരു തസ്തികയിലെയും ജോലി ചെയ്യുന്നതിനാവശ്യമായ ശാരീരിക സ്ഥിതി ഇല്ലാത്തതിനാൽ ടിയാനെ സർവ്വീസിൽ നിലനിർത്തുന്നതിനായി ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യകുടുംബക്ഷേമ(സി) വകുപ്പ്**

സ.ഉ.(കൈ) നം.116/2022/H&FWD തീയതി,തിരുവനന്തപുരം, 17-06-2022

---

പരാമർശം:-

1 30.09.2015-ലെ സ.ഉ(സാധാ) നം.3184/2015/ആ.കു.വ

2 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27.1.2017, 27.10.2017, 14.4.2018, 15.5.2019, 10/12/21, 7/1/2022 എന്നീ തീയതികളിലെ ഇജി3-37833/17 നമ്പർ കത്തുകൾ.

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ മലപ്പുറം തിരുവാലി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയി 03.11.2003-ൽ ജോലിയിൽ പ്രവേശിച്ച ശ്രീ.ഇസ്മായിൽ.എം സ്പൈനൽ കോർഡിന് അസുഖം ബാധിച്ചതിനാൽ 09.2.2014 മുതൽ ഒരു വർഷത്തേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി അപേക്ഷിക്കുകയും പരാമർശം (1) ഉത്തരവ് പ്രകാരം ടി അവധി അനുവദിക്കുകയും ടി തസ്തികയിൽ ജോലി ചെയ്യുവാനുള്ള ആരോഗ്യ സ്ഥിതി ഇല്ലെന്ന മെഡിക്കൽ ബോർഡിന്റെ ശിപാർശ കണക്കിലെടുത്ത് മറ്റേതെങ്കിലും തസ്തികയിലേക്ക് നിയമനത്തിനായി പരിഗണിക്കുവാനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ ശ്രീ.ഇസ്മായിലിന്റെ നിലവിലെ ആരോഗ്യസ്ഥിതി പരിഗണിച്ച് ടിയാന് തസ്തിക മാറ്റം വഴി നിയമനം ലഭിച്ചാൽ തന്നെ ജോലിയിൽ തുടരാൻ കഴിയില്ലെന്നും, അതിനാൽ പി.ഡബ്ലിയു.ഡി ആക്റ്റ് പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് തുടരാൻ അനുവദിക്കണമെന്നപേക്ഷിച്ച് ടിയാൻ അപേക്ഷ സമർപ്പിക്കുകയും, ടി അപേക്ഷയും, മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റും, ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

2) Rights of Persons with Disabilities Act 2016 (Section 20(4)) പ്രകാരം, സർവീസിലിരിക്കെ വൈകല്യം നേരിടുന്ന ഉദ്യോഗസ്ഥനെ ടിയാൻ ജോലി ചെയ്തു വരുന്ന തസ്തികയിൽ നിലനിർത്താൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ടിയാൻ വാങ്ങിവന്നിരുന്ന അതേ ശമ്പളവും ആനുകൂല്യങ്ങളും സഹിതം അനുയോജ്യമായ മറ്റൊരു തസ്തികയിൽ നിയമിക്കണമെന്നും, ഒരു തസ്തികയിലും നിയമിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർവീസിൽ നിലനിർത്തേണ്ടതുമാണ്. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ.ഇസ്മായിലിന് നിലവിൽ ഒരു തസ്തികയിലെയും ജോലി ചെയ്യുന്നതിനാവശ്യമായ ശാരീരിക സ്ഥിതി ഇല്ലാത്തതിനാൽ ടിയാൻ ആരോഗ്യം വീണ്ടെടുക്കുന്നതുവരെ ഡിസെബിലിറ്റീസ് ആക്ടിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർവീസിൽ നിലനിർത്താവുന്നതാണെന്ന വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകുകയും, പരാമർശം (2) പ്രകാരം, ആരോഗ്യ വകുപ്പ് ഡയറക്ടർ ശുപാർശ ലഭ്യമാക്കുകയും ചെയ്തു.

3) ടിയാൻ നിലവിൽ യാതൊരു പ്രവൃത്തിയും ചെയ്യാനാകാത്ത വിധം അവശനാണെന്നും, ടിയാന്റെ നിലവിലെ ശാരീരികാവസ്ഥയിൽ നിന്നും മാറ്റം പ്രതിക്ഷിക്കേണ്ടതില്ല എന്നും മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തതായും, മഞ്ചേരി ഗവൺമെന്റ് ജനറൽ ആശുപത്രി, ജില്ലാ മെഡിക്കൽ ബോർഡ്, ടിയാൻ ജോലി ചെയ്യാനാകാത്ത വിധം അവശനാണെന്നും, 70 ശതമാനത്തോളം പെർമനെന്റ് ഫിസിക്കൽ ഇംപെയർമെന്റ് ഉണ്ടെന്നും 29/08/2017-ൽ സാക്ഷ്യപെടുത്തിയിട്ടുണ്ടെന്നും, ആയതിനാൽ ടിയാന് PWD ആക്ട് 2016 അദ്ധ്യായം IV 20(4) - ഖണ്ഡിക പ്രകാരം ഇപ്പോഴുള്ള അതേ തസ്തികയിലോ, അതേ ശമ്പള സ്കെയിലിൽ മറ്റൊരു തസ്തികയിലോ, അതിനും സാധ്യമല്ലാത്ത പക്ഷം ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാൻ Superannuation എത്തും വരെ മേൽ തസ്തികയിലോ നിലനിർത്തേണ്ടതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

4) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശുപാർശ, Rights of Persons with Disabilities Act 2016 (Section 20(4))ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, ആരോഗ്യ വകുപ്പിലെ മലപ്പുറം തിരുവാലി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഗ്രേഡ് II ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.എം.ഇസ്മായിലിന് ഒരു തസ്തികയിലും ജോലി ചെയ്യുന്നതിനാവശ്യമായ ശാരീരിക സ്ഥിതി

ഇല്ലാത്തതിനാൽ ടിയാനെ സർവ്വീസിൽ നിലനിർത്തുന്നതിനായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ന്റെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജൻ നാംദേവ് ഖൊബ്രഗഡെ
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by Anu Surendran
Date: 18-06-2022 12:51:03
സെക്ഷൻ ഓഫീസർ

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) മലപ്പുറം.
മെഡിക്കൽ ഓഫീസർ, തിരുവാലി പ്രാഥമികാരോഗ്യ കേന്ദ്രം, മലപ്പുറം.
ശ്രീ.എം.ഇസ്മായിൽ, തിരുവാലി പ്രാഥമികാരോഗ്യ കേന്ദ്രം, മലപ്പുറം
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പൊതുഭരണ(എസ്.സി) വകുപ്പ്(ഐറ്റം നം. 827 തീയതി. 15.6.)
ധനകാര്യ വകുപ്പ്(5.5.2022 ലെ 104259/ഹെൽത്ത് ബി1/15/-ധന
പ്രകാരം)
കരുതൽ ഫയൽ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : **15-06-2022**

ഫയൽ നം. സി2/255/2015/ആ.കു.വ. ഇനം നം: 827

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പിലെ മലപ്പുറം, തിരുവാലി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. ഇസ്മയിൽ.എം.-ന് ഒരു തസ്തികയിലും ജോലി ചെയ്യുന്നതിനാവശ്യമായ ശാരീരിക സ്ഥിതി ഇല്ലാത്തതിനാൽ ടിയാനെ സർവ്വീസിൽ നിലനിർത്തുന്നതിന്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II-ന്റെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

16.6.2022

JS

16/6/2022
JS

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.സി2 /255 /2015 /ആ.കു.വ |
| 2 | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ് |
| 3 | വിഷയം | | ആരോഗ്യ വകുപ്പിലെ മലപ്പുറം, തിരുവാലി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.ഇസ്മയിൽ.എം.-ന് ഒരു തസ്തികയിലും ജോലി ചെയ്യുന്നതിനാവശ്യമായ ശാരീരിക സ്ഥിതി ഇല്ലാത്തതിനാൽ ടിയാനെ സർവ്വീസിൽ നിലനിർത്തുന്നതിന്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II ന്റെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി -നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 31/05 /2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | :<br>: | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ശ്രീജിത്ത്.വി.പി. |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്. | : | ഡോ . രാജൻ നാംദേവ് ഖോബ്രഗഡേ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 07.06.2022 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ . വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.06.2022 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 14.06.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 14.06.2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

ആരോഗ്യ വകുപ്പിൽ മലപ്പുറം, തിരുവാലി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.ഇസ്മായിൽ.എം.-ന് ഒരു തസ്തികയിലെയും ജോലി ചെയ്യുന്നതിനാവശ്യമായ ശാരീരിക സ്ഥിതി ഇല്ലാത്തതിനാൽ, ടിയാനെ സർവ്വീസിൽ നിലനിർത്തുന്നതിനായി " The Rights of Persons With Disability Act, 2016-ൽ വ്യവസ്ഥ ചെയ്യുന്നത് പ്രകാരം, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II-ന്റെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) ശ്രീ.ഇസ്മായിൽ.എം, മലപ്പുറം തിരുവാലി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 03.11.2003-ൽ ജോലിയിൽ പ്രവേശിച്ചിരുന്നെങ്കിലും സ്പൈനൽ കോർഡിന് അസുഖം ബാധിച്ചിരുന്നതിനാൽ അധികം താമസിയാതെ അവധിയിൽ പ്രവേശിച്ചിരുന്നു. തുടർന്ന്, ടിയാൻ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധിക്കായി അപേക്ഷ സമർപ്പിക്കുകയും, 30.09.2015-ലെ സ.ഉ(സാധാ)നം.3184/2015/ആ.കു.വ പ്രകാരം 09.02.2014 മുതൽ ഒരു വർഷത്തേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധി അനുവദിക്കുകയും, ടിയാന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ ജോലി ചെയ്യുവാനുള്ള ആരോഗ്യ സ്ഥിതി ഇല്ലെന്ന മെഡിക്കൽ ബോർഡിന്റെ ശിപാർശ കണക്കിലെടുത്ത് മറ്റേതെങ്കിലും തസ്തികയിലേക്ക് നിയമനത്തിനായി പരിഗണിക്കുവാനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശവും നൽകി ഉത്തരവായിരുന്നു. എന്നാൽ, ശ്രീ.ഇസ്മായിലിന്റെ നിലവിലെ ആരോഗ്യസ്ഥിതി പരിഗണിച്ച്, ടിയാന് തസ്തിക മാറ്റം വഴി നിയമനം ലഭിച്ചാൽ തന്നെ പ്രവർത്തിയിൽ തുടരാൻ കഴിയില്ല എന്നും അതിനാൽ പി.ഡബ്ല്യു.ഡി ആക്റ്റ് 1995 പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് തുടരാൻ അനുവദിക്കണമെന്നും കാണിച്ച് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. ആയത് സംബന്ധിച്ച മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റും ടിയാന്റെ അപേക്ഷയും ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. ടിയാന് ദീർഘനേരം കസേരയിൽ ഇരുന്ന് ജോലി ചെയ്യുന്നതിന് സാധിക്കുകയില്ലായെന്ന് ടി മെഡിക്കൽ ബോർഡ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

3)ശ്രീ.എം.ഇസ്മായിലിന് 09.02.2015 മുതൽ 08.02.2018 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലുള്ള ശൂന്യവേതനാവധി അനുവദിക്കുന്ന വിഷയത്തിലും, പി.ഡബ്ല്യു.ഡി ആക്റ്റ് 1995 പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാനെ തുടരാൻ അനുവദിക്കുന്ന വിഷയത്തിലും അഭിപ്രായം ആരായുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറിതല ശുപാർശയോടെ

ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ ടി വകുപ്പ്. ചുവടെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

"Persons with Disabilities Act 1995(Section 47(1)), Rights of Persons with Disabilities Act 2016 (Section 20(4)) എന്നിവ പ്രകാരം സർവീസിലിരിക്കേ വൈകല്യം നേരിടുന്ന ഉദ്യോഗസ്ഥന് ടിയാൻ ജോലി ചെയ്തു വരുന്ന തസ്തികയിൽ നിലനിർത്താൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ടിയാൻ വാങ്ങിവന്നിരുന്ന അതേ ശമ്പളവും ആനുകൂല്യങ്ങളും സഹിതം അനുയോജ്യമായ മറ്റൊരു തസ്തികയിൽ നിയമനം നൽകേണ്ടതും, ഒരു തസ്തികയിലും നിയമിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർവീസിൽ നിലനിർത്തേണ്ടതുമാണ്. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ.ഇസ്മായിലിന് നിലവിൽ ഒരു തസ്തികയിലെയും ജോലി ചെയ്യുന്നതിനാവശ്യമായ ശാരീരിക സ്ഥിതി ഇല്ലാത്തതിനാൽ ടിയാൻ ആരോഗ്യം വീണ്ടെടുക്കുന്നതുവരെ ഡിസെബിലിറ്റീസ് ആക്ടിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർവീസിൽ നിലനിർത്താവുന്നതാണ്.

ഇതിന് ബഹു.ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.

അപ്രകാരം നടപടി സ്വീകരിച്ചതിന് ശേഷം, 09.02.2015 മുതലുള്ള കാലയളവ് ക്രമീകരിക്കുന്നതിനായി, മൊത്തം കാലയളവിലേയ്ക്കുമുള്ള അവധി അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും സഹിതം ഫയൽ ലഭ്യമാക്കേണ്ടതാണ്. "

4) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം, ടിയാൻ നിലവിൽ യാതൊരു പ്രവൃത്തിയും ചെയ്യാനാകാത്ത വിധം അവശനാണെന്നും, ടിയാന്റെ നിലവിലെ ശാരീരികാവസ്ഥയിൽ നിന്നും മാറ്റം പ്രതീക്ഷിക്കേണ്ടതില്ല എന്നും മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തായും, മഞ്ചേരി ഗവൺമെന്റ് ജനറൽ ആശുപത്രി, ജില്ലാ മെഡിക്കൽ ബോർഡ്, 29/08/2017-ൽ ടിയാൻ ജോലി ചെയ്യാനാകാത്ത വിധം അവശനാണെന്നും, 70 ശതമാനത്തോളം പെർമനെന്റ് ഫിസിക്കൽ ഇംപെയർമെന്റ് ഉണ്ടെന്നും സാക്ഷ്യപെടുത്തിയതായും റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആയതിനാൽ ടിയാന് PWD ആക്ട് 2016 അദ്ധ്യായം IV 20(4) - ഖണ്ഡിക പ്രകാരം ഇപ്പോഴുള്ള അതേ തസ്തികയിലോ, അതേ ശമ്പള സ്കെയിലിൽ മറ്റൊരു തസ്തികയിലോ അതിനും സാധ്യമല്ലാത്ത പക്ഷം ഒരു

സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാൻ Superannuation എത്തും വരെ മേൽ തസ്തികയിൽ നിലനിർത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നതിനാൽ വേണ്ട നടപടി സ്വീകരിക്കണമെന്നും ആയതിന് രേഖകളായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും, സ്ഥാപനമേധാവിയുടെ അപേക്ഷയും, പ്രൊപ്പോസലും ലഭ്യമാക്കുകയുണ്ടായി.

5) പി.ഡബ്ലിയു.ഡി ആക്ട് 2016 പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്ന വിഷയത്തിൽ അഭിപ്രായം ആരായുന്നതിനായി പ്രിൻസിപ്പൽ സെക്രട്ടറിതല ശുപാർശയോടെ ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

" ശ്രീ. എം. ഇസ്മായിലിനു സർവീസിൽ തുടരുന്നതിനായി ഭരണ വകുപ്പ് ശിപാർശ പരിഗണിച്ച് **Jr. Health Inspector Gr. II** ന്റെ ഒരു **Supernumerary** തസ്തിക സൃഷ്ടിക്കുന്നതിനു ധനവകുപ്പ് അനുമതി നൽകുന്നു.

ഇതിനു ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്. "

6) പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

ആരോഗ്യ വകുപ്പിൽ മലപ്പുറം, തിരുവാലി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.ഇസ്മയിൽ.എം-ന് ഒരു തസ്തികയിലും ജോലി ചെയ്യുന്നതിനാവശ്യമായ ശാരീരിക സ്ഥിതി ഇല്ലാത്തതിനാൽ ടിയാനെ സർവ്വീസിൽ നിലനിർത്തുന്നതിന്, The Rights of Persons With Disability Act, 2016-ൽ വ്യവസ്ഥ ചെയ്യുന്നത് പ്രകാരം, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II ന്റെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ ?

# GOVERNMENT OF KERALA
## (SRI. PINARAYI VIJAYAN MINISTRY)
## NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1. | File No. | : | C2/255/2015/H&FWD |
| 2. | Department | : | Health & Family Welfare (C) Department |
| 3. | Subject | : | Creation of a Supernumerary Post of Junior Health Inspector Grade-II to accommodate Sri. Ismail.M, Junior Health Inspector Grade-II, Primary Health Center, Thiruvali, Malappuram under the Director of Health Services, as he is unable to pursue any job due to physical disability – Reg. |
| 4. | Date of Chief Minister's order for placing before the Council | : | 31/05/2022 |
| 5. | (i) Does the case involve financial commitments/ implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | :<br>: | Yes<br>Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | : | No |
| 7. | Name of Joint Secretary who submitted the Draft Note | : | Sri.Sreejith.V.P |
| 8. | Name of Principal Secretary who approved the Draft Note | : | Dr. Rajan Namdev Khobragade |
| 9. | Date of approval of the Draft Note for the Council by the Principal Secretary | : | 07.06.2022 |
| 10. | Name of Chief Secretary who approved the Draft Note | : | Dr. V . P. Joy |
| 11. | Date of approval of the Draft Note for the Council by the Chief Secretary. | : | 10.06.2022 |
| 12. | Name of Minister who approved the Draft Note | : | Smt.Veena George |
| 13. | Date of approval of the Draft Note for the Council by the Minister | : | 14.06.2022 |
| 14. | Date of Submission of fair copies | : | 14.06.2022 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the G.O./letter communicating the decision | : | |

<u>**Note for the Council of Ministers**</u>

This note deals with the creation of a Supernumerary Post of Junior Health Inspector Grade-2 under the Director of Health Services, to accommodate Sri. Ismail.M, Junior Health Inspector Grade-II, Primary Health Center, Thiruvali, Malappuram, as per the provisions in the Rights of Persons With Disability Act, 2016, as he is unable to pursue any job due to physical disability.

2.Sri. Ismail M joined the Thiruvali Primary Health Center on 03.11.2003 soon after getting into service, and entered into leave due to a spinal cord injury. He then applied for Leave Without Allowance upon the medical certificate for one year from 09.02.2014. The same was granted as per G.O(Rt) No.3184/2015/H&FWD dated 30.09.2015, and direction was given to Director of Health Services to consider his appointment to any other post in view of the recommendation of the Medical Board. The Director of Health Services reported that considering the current physical condition, Sri. Ismail, could not continue in the post even if he was appointed through a change of post and therefore he had submitted an application stating that the Supernumerary post may be created and he may be continued under the PWD Act 1995 and action be taken accordingly. The Director of Health Services has submitted the Medical Board Certificate along with the application in support of the above claims. In Medical Board report, it is stated that he is unable to pursue the job by sitting in ordinary chair for prolonged time.

3.The file was again forwarded to Finance Department with the recommendation of the Principal Secretary for remarks on granting LWA on Medical certificate to Sri.Ismail.M from 09.02.2015 to 08.02.2018 and on allowing him to continue in the post by creating supernumerary post under PWD Act 1995. That department had offered the following remarks, :

"Persons with Disabilities Act 1995(Section 47(1)), Rights of Persons with Disabilities Act 2016 (Section 20(4)) എന്നിവ പ്രകാരം സർവീസിലിരിക്കേ വൈകല്യം നേരിടുന്ന ഉദ്യോഗസ്ഥന് ടിയാൻ ജോലി ചെയ്തു വരുന്ന തസ്തികയിൽ നിലനിർത്താൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ടിയാൻ വാങ്ങിവന്നിരുന്ന അതേ ശമ്പളവും ആനുകൂല്യങ്ങളും സഹിതം അനുയോജ്യമായ മറ്റൊരു തസ്തികയിൽ നിയമനം നൽകേണ്ടതും, ഒരു തസ്തികയിലും നിയമിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർവീസിൽ നിലനിർത്തേണ്ടതുമാണ്. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ.ഇസ്മായിലിന് നിലവിൽ ഒരു തസ്തികയിലെയും ജോലി ചെയ്യുന്നതിനാവശ്യമായ ശാരീരിക സ്ഥിതി ഇല്ലാത്തതിനാൽ ടിയാൻ ആരോഗ്യം വീണ്ടെടുക്കുന്നതുവരെ ഡിസെബിലിറ്റീസ് ആക്ടിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർവീസിൽ നിലനിർത്താവുന്നതാണ്.

ഇതിന് ബഹു.ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.

അപ്രകാരം നടപടി സ്വീകരിച്ചതിന് ശേഷം, 09.02.2015 മുതലുള്ള കാലയളവ് ക്രമീകരിക്കുന്നതിനായി, മൊത്തം കാലയളവിലേയ്ക്കുമുള്ള അവധി അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും സഹിതം ഫയൽ ലഭ്യമാക്കേണ്ടതാണ്. "

4. Accordingly, the Director of Health Services has submitted the proposal for creating the Supernumerary post. The Director of Health Services has enclosed the report of District Medical Officer (H), Malappuram along with the report of District Medical Board from Manjeri Government General Hospital, dated 29.08.2017 and informed that he was incapacitated to work and that he was 70 per cent disabled and that he could not do any work at present and could not expect anything else from his current physical condition. Hence as per the provisions in Chapter IV 20 (4) PWD Act 2016, an employee must continue to the same post or another post on the same pay scale and, if not possible, create a supernumerary post until the age of acquiring his superannuation, Director of Health Services has submitted the proposal for creating the supernumerary post along with Medical Board Certificate, Application from the head of the institution.

5. When the file was again forwarded to Finance Department with the recommendation of the Principal Secretary for remarks on creation of supernumerary posts under the PWD Act 2016, that Department has remarked as follows:

" ശ്രീ. എം. ഇസ്മായിലിനു സർവീസിൽ തുടരുന്നതിനായി ഭരണ വകുപ്പ് ശിപാർശ പരിഗണിച്ച് Jr. Health Inspector Gr. II ന്റെ ഒരു Supernumerary തസ്തിക സൃഷ്ടിക്കുന്നതിനു ധനവകുപ്പ് അനുമതി നൽകുന്നു.

ഇതിനു ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്. "

6. The Hon'ble Chief Minister has ordered to place the matter before the council of Ministers.

## Point for Decision

Whether sanction may be accorded for the creation of a Supernumerary Post of Junior Health Inspector Gr-II under the Director of Health Services, to accommodate Sri. Ismail.M, Junior Health Inspector Grade-II, Primary Health Center, Thiruvali, Malappuram, as per the provisions in the Rights of Persons With Disability Act, 2016 as he is unable to pursue any job due to physical disability?